പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 877 — 1/3/2017 ൽ മറുപടിക്ക്

## വെറ്ററിനറി മൊബൈൽ യൂണിറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.കെ.വിജയൻ: | അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |

| | | |
|---|---|---|
| എ) | സംസ്ഥാനത്ത് വെറ്റിനെറി മൊബൈൽ യൂണിറ്റ് ഏതൊക്കെ ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്; | എ) കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ മൊബൈൽ യൂണിറ്റ് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. |
| ബി) | ഇത് കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ; | ബി) ഇപ്പോൾ പദ്ധതിയില്ല. |
| സി) | ഇതിന്റെ പ്രവർത്തനം വിശദമാക്കാമോ? | സി) ശീതീകരിച്ച വാഹനത്തിൽ കൊണ്ടു നടക്കാവുന്ന റേഡിയോഗ്രാഫി സൗകര്യമുള്ള എക്സ്റേ സംവിധാനം, അൾട്രാസൗണ്ട് സ്കാനർ, സ്വതന്ത്ര സോഫ്റ്റ്-വെയറിൽ പ്രവർത്തിക്കുന്ന ക്യാമറ സംയോജിപ്പിച്ച ടെലി മെഡിസിൻ സൗകര്യം, തളർച്ച ബാധിച്ച പശുക്കളെ ഉയർത്തുവാനുള്ള ഉപകരണങ്ങൾ എന്നിവയോട് കൂടിയുള്ളതാണ് യൂണിറ്റ്. വിദൂര സ്ഥലങ്ങളിലെ വിദഗ്ധോപദേശം വേണ്ടുന്ന ചികിത്സാഘട്ടങ്ങളിൽ ഇതിൽ ഏർപ്പെടുത്തിയിട്ടുള്ള ടെലിമെഡിസിൻ സങ്കേതങ്ങളിലൂടെ മൃഗത്തിന്റെ എക്സ്റേ, സ്കാനിംഗ് ചിത്രം എന്നിവ 3 ജി സംവിധാനത്തിൽ ബേസ് സ്റ്റേഷനിലെ വിദഗ്ധരുടെ വിലയിരുത്തലിന് വിധേയമായി ചികിത്സ നിശ്ചയിക്കുന്നതിനും കൂടാതെ വെബ് ക്യാമറ സഹായത്താൽ മറ്റ് വിദഗ്ധരുമായി ചർച്ച ചെയ്ത് മികച്ച ചികിത്സാസേവനം ലഭ്യമാക്കുവാൻ ലക്ഷ്യമിടുന്നു. ശസ്ത്രക്രിയ ഉപകരണങ്ങൾ, ലബോറട്ടറി പരിശോധനകൾക്കായുള്ള സൗകര്യങ്ങൾ എന്നിവയും ലഭ്യമാണ്. അപ്രതീക്ഷിതമായി തളർച്ച ബാധിച്ച ഉരുക്കളെ ഉയർത്തി ചികിത്സ തുടരുന്നതിന് സിഡാക് രൂപകല്പന ചെയ്ത അനിമൽ ലിഫ്റ്റിംഗ് ഉപകരണവും വാഹനത്തിൽ തയ്യാർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ